REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും. പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തും കിലയും കേരളത്തിൽ നിന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങും.**
- **കേന്ദ്രം പങ്കു വയ്ക്കുന്ന നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് കേരളം ആവശ്യപ്പെട്ടതായി പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ പ്രൊഫ. അരവിന്ദ് പനഗാരിയ.**
- **പഠനകാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് താൽപര്യമുള്ള തൊഴിൽ മേഖലയുമായി ബന്ധപ്പെടാൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വിശ്വപ്രസിദ്ധമായ ഗുരുവായൂർ ഏകാദശി ഇന്ന്.**
- **സംസ്ഥാനത്ത് 31 തദ്ദേശ ഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ.**
- **ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പ് ആവേശകരമായ അന്ത്യത്തിലേക്ക്.**

## വാർത്തകൾ വിശദമായി

ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സമ്മാനിക്കും. താഴെത്തട്ടിലെ ഭരണ മികവും സാമൂഹ്യ വികസനവും മുൻനിർത്തി വിവിധ വിഭാഗങ്ങളിലായി 45 അവാർഡുകളാണ് ഇത്തവണ നൽകുന്നത്.

അവാർഡ് നേടിയ പഞ്ചായത്തുകളിലെ മികച്ച  പ്രകടനം വിശദീകരിക്കുന്ന ലഘുപുസ്തകം ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രകാശനം ചെയ്യും.കേരളം രണ്ട് പുരസ്കാരങ്ങളാണ് ഇത്തവണ നേടിയത്. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തും, തൃശൂരിലെ കിലയുമാണ് ദേശീയ അംഗീകാരം ലഭിച്ചത്.

ദാരിദ്ര്യ മുക്തവും  മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് ദീൻ ദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് സതത് വികാസ് പുരസ്കാരമാണ് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ദേശീയതലത്തിൽ രണ്ടാം സ്ഥാനമാണ് പഞ്ചായത്ത് സ്വന്തമാക്കിയത്. പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവ്വോത്തം  സൻസ്ഥാൻ പുരസ്കാരമാണ് കില നേടിയത്. ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നൈപുണ്യ വികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനും നടത്തിയ ഇടപെടലുകളാണ് കിലയെ ദേശീയ പുരസ്കാരത്തിന് അർഹമാക്കിയത്.

ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിന് പദ്ധതി നടപ്പാക്കിയാണ് പഞ്ചായത്ത് ഈ പുരസ്കാര നേട്ടം കൈവരിച്ചതെന്ന് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിനീഷ മുസ്തഫ ആകാശവാണി വാർത്തകളോട് പറഞ്ഞു.

..........വോയ്സ്.............

✪✪✪

വിഖ്യാത തമിഴ് കവിയും സ്വാതന്ത്ര്യ സമര സേനാനിയുമായ സുബ്രഹ്മണ്യ ഭാരതിയുടെ സമ്പൂർണ കൃതികളുടെ സമാഹാരം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന്  ന്യൂഡൽഹിയിലെ അദ്ദേഹത്തിന്റെ വസതിയിൽ  പ്രകാശനം ചെയ്യും.

ജനങ്ങളിൽ ദേശസ്നേഹം വളർത്തുകയും, ഇന്ത്യൻ സംസ്കാരത്തിന്റെയും രാജ്യത്തിന്റെ ആത്മീയ പൈതൃകത്തിന്റെയും സാരാംശം ജനങ്ങൾക്ക് ബന്ധപ്പെടാൻ കഴിയുന്ന ഭാഷയിൽ ജനങ്ങളിലെത്തിക്കുകയും ചെയ്യുന്നതാണ് സുബ്രഹ്മണ്യ ഭാരതിയുടെ രചനകൾ.

✪✪✪

സംസ്ഥാനങ്ങളുമായി കേന്ദ്രം പങ്കു വയ്ക്കുന്ന നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് കേരളം ആവശ്യപ്പെട്ടതായി പതിനാറാം ധനകാര്യ  കമ്മീഷൻ ചെയർമാൻ പ്രൊഫ. അരവിന്ദ് പനഗാരിയ പറഞ്ഞു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കു വിഹിതം 41 ശതമാനമെന്നാണ് നിശ്ചയിച്ചതെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്........

കേരളത്തിന്റേതിനു സമാനമായ ശുപാർശ കമ്മീഷൻ സന്ദർശിച്ച മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ടെന്ന് പ്രൊഫ. അരവിന്ദ് പനഗാരിയ പറഞ്ഞു. നിലവിൽ കേരളം ഉൾപ്പെടെ 14 സംസ്ഥാനങ്ങൾ കമ്മീഷൻ സന്ദർശിച്ചു.

കേന്ദ്രം പങ്കുവയ്ക്കുന്ന നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിലും വലിയ മാറ്റം കേരളം നിർദ്ദേശിച്ചിട്ടുണ്ട്. ജന സാന്ദ്രതാടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കുന്നതിനു മാനദണ്ഡം പുതിയതായി ഉൾപ്പെടുത്തണമെന്നാണ് കേരളം മുന്നോട്ടു വച്ച ഒരു ആവശ്യമെന്ന് പതിനാറാം ധനകാര്യ കമ്മീഷൻ ചെയർമാൻ പറഞ്ഞു. ഈ മാനദണ്ഡത്തിലൂടെ രണ്ടര ശതമാനം നികുതി വിഹിതം നിശ്ചയിക്കണം. ദുരന്തനിവാരണത്തിനായി കൂടുതൽ വിഹിതം കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിശീർഷക വരുമാനം കുറവുള്ള സംസ്ഥാനങ്ങൾക്ക് നിലവിൽ കൂടുതൽ വിഹിതം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ വിഹിതം നിലവിലെ 45 ശതമാനത്തിൽ നിന്ന് 30 ശതമാനമാക്കണമെന്ന് കേരളം നിർദ്ദേശിച്ചതായും അദ്ദേഹം അറിയിച്ചു.

ഭൂവിസ്തൃതി മാനദണ്ഡപ്രകാരം വിഹിതം 15 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാക്കണമെന്നും, ജനസംഖ്യാടിസ്ഥാനത്തിൽ നൽകുന്ന വിഹിതം 15 ശതമാനത്തിൽ നിന്ന് 32.5 ശതമാനമാക്കണമെന്നും, വനമേഖലാ മാനദണ്ഡ പ്രകാരം വിഹിതം 10 ശതമാനത്തിൽ നിന്ന് 7.5 ശതമാനമായി കുറയ്ക്കണമെന്നതുമുൾപ്പെടെ വിവിധ ആവശ്യങ്ങളാണ് കേരളം മുന്നോട്ടു വച്ചതെന്ന് കമ്മീഷൻ ചെയർമാൻ അറിയിച്ചു.

✪✪✪

അക്കാദമിക വ്യവസായ മേഖലകൾ പരസ്പരം ബന്ധപ്പെടാത്ത സാഹചര്യം മാറി പഠനകാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് താൽപര്യമുള്ള തൊഴിൽ മേഖലയുമായി ബന്ധപ്പെടാൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഉദ്യമ 1.0 യുടെ സമാപന സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..... വോയ്സ്....

സംസ്ഥാന ഗവൺമെന്റിന്റെ കണക്ട് കരിയർ ടു ക്യാമ്പസ്, ഇൻഡസ്ട്രി ഓൺ ക്യാമ്പസ്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങിയ പദ്ധതികൾ അക്കാദമിക വ്യാവസായിക സഹകരണം ഉറപ്പുവരുത്താൻ സഹായകമായ ഇടപെടലുകളാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ലോകത്ത് സാങ്കേതിക വിദ്യാഭ്യാസ

മേഖലയിലും സാങ്കേതിക രംഗത്തും ചടുലമായ മാറ്റങ്ങൾ സംഭവിക്കുകയാണ്. മുമ്പൊക്കെ വിദ്യാഭ്യാസം വേറെ, തൊഴിൽ വേറെ എന്നൊരു ധാരണ നിലനിന്നിരുന്നു. എന്നാൽ കാലക്രമത്തിൽ അതിനു മാറ്റം വരുന്നത് നാം കാണുകയാണെന്നും, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയത്തിനു കൂടുതൽ മേൽക്കൈ ഉണ്ടാവുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംരംഭകവർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പ് സംസ്ഥാനത്ത്  സംരംഭക സഭകൾ സംഘടിപ്പിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം  വൈകിട്ട്  കാട്ടാക്കടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.  മന്ത്രി P രാജീവ് അധ്യക്ഷനാകും. ജില്ലാ മണ്ഡലതല ഉദ്ഘാടനങ്ങളും സംഘടിപ്പിക്കും.

സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ശരാശരി 250ൽപരം സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

✪✪✪

വിശ്വപ്രസിദ്ധമായ ഗുരുവായൂർ ഏകാദശി ഇന്ന്. ഗുരുവായൂരിലെ ആണ്ട് വിശേഷങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് ഗുരുവായൂർ ഏകാദശി. വൃശ്ചിക മാസ ശുക്ളപക്ഷ ഏകാദശിയാണ് ഗുരുവായൂരിൽ ആഘോഷിക്കുന്നത്. കണ്ണനെ കാണാൻ ലക്ഷങ്ങൾ ഇന്ന് ഗുരുവായൂരിൽ എത്തും. ഏകാദശി ദിനത്തിൽ വിപുലമായ ആഘോഷങ്ങളാണ് ഗുരുവായൂരിൽ ഒരുക്കിയിരിക്കുന്നത്.

ഗുരുവായൂർ പ്രതിഷ്ഠാദിനം, ഗീതാ ദിനം, എന്നിങ്ങനെ ഈ നാളിന് ഏറെ പ്രാധാന്യമുണ്ട്.

രാവിലെ 7 മുതൽ ആദ്ധ്യാത്മിക ഹാളിൽ ശ്രീമദ് ഗീതാ പാരായണം നടക്കും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി  ചെയർമാനായി  ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോടിനെ തെരഞ്ഞെടുത്തു.

മന്ത്രി V അബ്ദുറഹ്മാന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന പുതിയ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പ്രഥമ യോഗത്തിൽ അടുത്ത വർഷത്തെ ഹജ്ജ് ഒരുക്കങ്ങളെ വിലയിരുത്തി. മുൻവർഷത്തേക്കാൾ മികച്ച സേവനങ്ങൾ ഹാജിമാർക്ക് വേണ്ടി ഒരുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് 31 തദ്ദേശ ഭരണ വാർഡുകളിലേക്ക് ഇന്നലെ നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന്. രാവിലെ 10ന് വിവിധ കേന്ദ്രങ്ങളിൽ വോട്ടെണ്ണൽ ആരംഭിക്കും.

മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ, പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകളിലും, 23 ഗ്രാമപഞ്ചായത്ത് വാർഡുകളിലും നടന്ന ഉപതിരഞ്ഞെടുപ്പിൽ 61.87 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A. ഷാജഹാൻ അറിയിച്ചു.

✪✪✪

ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ നാലാം ഘട്ട മത്സരങ്ങൾ ഇന്ന് ആരംഭിക്കുമ്പോൾ പോരാട്ടം ആവേശകരമായ അന്ത്യത്തിലേക്ക് സിംഗപ്പൂരിൽ ഒരു ദിവസത്തെ വിശ്രമത്തിന് ശേഷം 13-ാം ഗെയിമിൽ നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും ഇന്ത്യയുടെ D. ഗുകേഷും കരുക്കൾ നീക്കും. നിലവിൽ ഇരുവരും ആറു പോയിന്റു വിതം നേടി തുല്യനിലയിലാണ്. ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് 2.30നാണ് മത്സരം ആരംഭിക്കുന്നത്.

ഇനിയുള്ള രണ്ടു ഗെയിമുകളിൽ ഒരു വിജയവും ഒരു സമനിലയുമെങ്കിലും നേടുന്നയാൾ ചാമ്പ്യനാകും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC ഹൈദരാബാദ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ഓസ്ട്രേലിയയെ നേരിടും. പെർത്തിൽ ഇന്ത്യൻ സമയം രാവിലെ 9.50നാണ് മത്സരം.

മൂന്ന് മത്സര പരമ്പരയിൽ രണ്ട് മത്സരങ്ങൾ വിജയിച്ച ഓസ്ട്രേലിയ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

ഏഴിമലയിൽ അഡ്മിറൽ കപ്പിനായി പതിമൂന്നാമത് പായ് വഞ്ചിയോട്ട മത്സരത്തിൽ ഇന്നലെ രണ്ട് റേസുകൾ പൂർത്തിയായപ്പോൾ ഇറ്റലിയും റഷ്യയും മുന്നിൽ.

ലഫ്റ്റനന്റ് ഗോർക്കുനോവ് പെട്രിച്ച്, സെക്കൻഡ് ലഫ്റ്റനന്റ് ഡാരിയസ് ലീ കെങ് വീ എന്നിവർ ഗ്രൂപ്പ് എ, ബി വ്യക്തിഗത വിഭാഗത്തിൽ മുന്നിലാണ്.

✪✪✪

കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതി വഴി ഫ്രോസൺ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തി. 'കുടുംബശ്രീ കേരള ചിക്കൻ' ചിക്കൻ എന്ന ബ്രാൻഡിൽ ചിക്കൻ ഡ്രം സ്റ്റിക്സ്, ബോൺലെസ് ബ്രീസ്റ്റ്, ചിക്കൻ ബിരിയാണി കട്ട്, ചിക്കൻ കറി കട്ട്, ഫുൾ ചിക്കൻ എന്നീ ഉൽപന്നങ്ങളാണ് വിപണിയിലെത്തിയത്. ആദ്യഘട്ടത്തിൽ തൃശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലാകും ഉൽപന്നങ്ങൾ ലഭ്യമാവുക. സെക്രട്ടേറിയറ്റ് അനക്സിലെ നവകൈരളി ഹാളിൽ മന്ത്രി MB രാജേഷ് സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ P.സതീദേവിക്ക് ഉൽപന്നങ്ങൾ കൈമാറി ലോഞ്ചിങ്ങ് നിർവഹിച്ചു.

ഭാവിയിൽ 'മീറ്റ് ഓൺ വീൽ' എന്ന പേരിൽ ഓരോ ജില്ലയിലും വാഹനങ്ങളിൽ ശീതീകരിച്ച ചിക്കൻ ഉൽപന്നങ്ങൾ വിറ്റഴിക്കാനും കുടുംബശ്രീ ലക്ഷ്യമിടുന്നുണ്ട്.

✪✪✪

വടകര താലൂക്ക് തല 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ പരിഗണിച്ച 520 പരാതികളിൽ 146 പരാതികൾ ഉദ്യോഗസ്ഥ തലത്തിൽ തീർപ്പാക്കി. ഉദ്യോഗസ്ഥ തലത്തിൽ പരിഹാരം ആവാതിരുന്ന 100 പരാതികൾ മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, AK ശശീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലും പരിഹരിച്ചു.

ബാക്കി പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിന് മന്ത്രിമാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

✪✪✪

വർണക്കൂടാരം പദ്ധതിയിൽ അനുവദിച്ച 1,108 പ്രീ സ്കൂളുകളിൽ 848 എണ്ണം പൂർത്തിയായതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് LP സ്കൂളിൽ വർണക്കൂടാരം പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 260 വർണക്കൂടാരങ്ങൾ നിർമ്മാണ ഘട്ടത്തിലാണെന്നും 2024-25 വർഷത്തിൽ 500 വർണക്കൂടാരങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് ഡിവിഷണിൽ പ്രത്യേക നമ്പറുകളോടെ സർവീസ് നടത്തിയിരുന്ന പാസഞ്ചർ ട്രെയിനുകളുടെ നമ്പറുകൾ റെയിൽവേ കോവിഡിന് മുമ്പത്തെ പഴയ നമ്പറുകളിലേക്ക് മാറ്റി. 41 ട്രെയിനുകളുടെ നമ്പറുകളാണ് മാറ്റിയത്.

✪✪✪

കോഴിക്കോട് ബിച്ച് റോഡിൽ റീൽസ് ചിത്രീകരണത്തിന്നിടെ വാഹനം ഇടിച്ച് യുവാവ് മരിക്കാനിടയായ സംഭവത്തിൽ നടപടി എടുക്കുമെന്ന് മോട്ടോർവാഹന വകുപ്പ് അധികൃതർ അറിയിച്ചു. വിശദമായ പരിശോധന ഇന്നും നടത്തും.

വടകര കടമേരി സ്വദേശി ആൽവിനാണ് അപകടത്തിൽ മരിച്ചത്.

✪✪✪

രണ്ടാമത് കണ്ണൂർ സർവ്വകലാശാല സാഹിത്യോത്സവം ഇന്ന് സർവ്വകലാശാല താവക്കര ക്യാമ്പസിൽ ആരംഭിക്കും. 80 ഓളം സെഷനുകളിലായി 200 ഓളം പേർ പങ്കെടുക്കും.

✪✪✪